**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2787 — 12.03.2018 -ൽ മറുപടിയ്ക്ക്

**ചാലക്കുടി ടൗണിൽ വാണിജ്യ - പാർപ്പിട സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ചാലക്കുടി ടൗണിൽ വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് ഹൗസിംഗ് ബോർഡ് വക വാണിജ്യ സമുച്ചയവും പാർപ്പിട സമുച്ചയവും നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | 24.09.2016-ലെ സ.ഉ. (കൈ) നം.31/ 2016/ഭവനം ഉത്തരവ് പ്രകാരം ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ വാണിജ്യ സമുച്ചയ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡ്രോയിംഗ് തയ്യാറാക്കി നഗര സഭയുടെ അംഗീകാരത്തിനായി നൽകിയപ്പോൾ പ്രസ്തുത സ്ഥലം നിലം ആയാണ് രേഖയിൽ കാണുന്നത്. ആയതിനാൽ കെട്ടിട നിർമ്മാണ അനുമതി ലഭ്യമായിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (ബി) | പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നഗരസഭയുടെ നിർമ്മാണ അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Sabha (signature)

സെക്ഷൻ ഓഫീസർ